**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് -കോതമംഗലം നഗരസഭ – തങ്കളം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെയും ഹൈറേഞ്ച് ബസ് ടെർമിനലിന്റെയും നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് കോതമംഗലം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം636/15/തസ്വഭവ തിരുവനന്തപുരം, തീയതി : 03.03.2015**

---

**പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.**
**2. നഗരസഭ ഡയറക്ടറുടെ 23/12/14 തീയതിയിലെ ഡി.ബി3 20668/14 നമ്പർ കത്ത്**

**<u>ഉത്തരവ്</u>**

**കോതമംഗലം നഗരസഭ വക സ്ഥലത്ത് തങ്കളം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെയും ഹൈറേഞ്ച് ബസ് ടെർമിനലിന്റെയും നിർമ്മാണത്തിന് 98,52,000/-(തൊണ്ണൂറ്റി എട്ട് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ) കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നും വായ്പയെടുക്കുന്നതിന് കോതമംഗലം നഗരസഭ സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം നഗരസഭ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.**

**നഗരകാര്യ ഡയറക്ടുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയ്ക്ക് നഗരസഭവക സ്ഥലത്ത് തങ്കളം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെയും ഹൈറേഞ്ച് ബസ് ടെർമിനലിന്റെയും നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 12% പലിശ നിരക്കിൽ 98,52,000/-(തൊണ്ണൂറ്റി എട്ട് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ)) സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.**

**( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ശോഭന**
**ജോയിന്റ് സെക്രട്ടറി**

**നഗരകാര്യ ഡയറക്ടർ**
**സെക്രട്ടറി, കോതമംഗലം നഗരസഭ**
**മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ആഡിറ്റ്), കേരളം,തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.**
**ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.**
**എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.**
**(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
**കരുതൽ ഫയൽ/ ഓഫീസ് കോപ്പി.**

41

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**